നമ്പർ.ബി 4/ഇ-84151/റ്റി.സി/2019

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

*തീയതി,* 19.01.2019

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും.
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.
എല്ലാ ജോയിന്റ് ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – സമയ ബന്ധിതമായി ജി ഫോം റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- ആൾ കേരള ബസ് ഓപ്പറേറ്റേഴ്സ് ഫോറം സമർപ്പിച്ച പരാതി തീയതി 31/12/2018.

സൂചന പ്രകാരം ജി ഫോം അപേക്ഷ സമർപ്പിക്കുന്ന വാഹനങ്ങൾ യഥാസമയം അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നില്ല എന്ന് പരാതി ലഭിച്ചിരിക്കുന്നു. ജി ഫോം അപേക്ഷകളുടെ തീർപ്പാക്കൽ സംബന്ധിച്ച സർക്കുലർ 07/09 ലെ നിർദ്ദേശങ്ങൾ കർശനമായും നടപ്പാക്കേണ്ടതാണ്. ജി ഫോമിൽ കിടക്കുന്ന വാഹനങ്ങളെ സംബന്ധിച്ച് അപേക്ഷകൾ ലഭിക്കുമ്പോൾ എല്ലാ മാസവും വാഹനങ്ങൾ പരിശോധിച്ച് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ഓഫീസ് മേലധികാരി ജി ഫോം റിപ്പോർട്ട് കൃത്യമായി ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മറ്റ് ഓഫീസിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതായി വരുന്ന റിപ്പോർട്ടുകൾ ടി റിപ്പോർട്ട് ലഭിക്കുന്ന ദിവസം തന്നെ അതാത് ഓഫീസിലേയ്ക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്. പരിശോധനാ ഉദ്യോഗസ്ഥർ കൃത്യവിലോപം നടത്താൻ പാടില്ലെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(നികുതി)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി.

അംഗീകാരത്തോടെ,

Lekha 21.1.19

സീനിയർ സൂപ്രണ്ട്.

19/1/19

യു.എൻ

മോട്ടോർ വാഹന വകുപ്പ്, കേരളം